LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ എ, ബി, സി, ഡി എന്നിങ്ങനെ 4 കാറ്റഗറികളായി തരംതിരിച്ചിട്ടുണ്ട്. അവയിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കുറവുള്ള എ, ബി കാറ്റഗറികളിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ ആരാധനാലയങ്ങളിൽ പരമാവധി 15 പേർക്ക് പ്രവേശനാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിശേഷാവസരങ്ങളിൽ പരമാവധി 40 പേർക്കും ആരാധനാലയങ്ങളിൽ പ്രവേശനം അനുവദിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ ശിപാർശ പരിഗണിച്ച് ആവശ്യമെങ്കിൽ ഈ കാര്യത്തിൽ മാറ്റവും വരുത്താറുണ്ട്.

കെ-റെയിൽ പദ്ധതി

58 (1419) ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഐ. സി .ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കെ-റെയിൽ പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരമുള്ള സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേനയാണ് പരിസ്ഥിതി ആഘാത പഠനം നടത്തിയത്.

(ബി) കെ-റെയിൽ പദ്ധതികൾക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് യോഗ്യതയുള്ള സ്ഥാപനമാണോ പ്രസ്തുത പഠനം നടത്തിയത് എന്ന് അറിയിക്കുമോ?

2006-ലെ ഇ.ഐ.എ. വിജ്ഞാപനപ്രകാരം പാരിസ്ഥിതിക ആഘാത നിർണ്ണയ പഠനം ആവശ്യമുള്ള പദ്ധതികളിൽ റെയിൽവേയുടെ പദ്ധതികൾ പരാമർശിച്ചിട്ടില്ല.

(സി) പദ്ധതിയുടെ ഡി.പി.ആർ. അംഗീകരിച്ചതിനുശേഷം വീണ്ടും പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

പരിസ്ഥിതി ആഘാതവുമായി ബന്ധപ്പെട്ട പഠനം നടത്താൻ ദ്രുത ഇ.ഐ.എ. അഥവാ സീസണൽ ഇ.ഐ.എ. ആണ് 3 മാസത്തെ കാലാവധിയിൽ നടത്തിയത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്ക് കോട്ടം തട്ടാതിരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട മുൻ കരുതലുകളെടുത്താണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഡി.പി.ആർ. റെയിൽവേ മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലാണ്. പാരിസ്ഥിതിക നയത്തോടുള്ള പ്രതിബദ്ധതയാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുമ്പ് സമഗ്രമായ ഒരു ഇ.ഐ.എ. പഠനം നടത്താൻ കെ-റെയിൽ തീരുമാനിക്കുകയും അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ട് പോവുകയുമാണ്.

(ഡി) ഏത് ഏജൻസി വഴിയാണ് രണ്ടാമത് പാരിസ്ഥിതികാഘാത പഠനം നടത്തുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വിശദ പാരിസ്ഥിതിക പഠനം നടത്തുന്നതിനായി ഓപ്പൺ ടെൻഡർ വഴിയാണ് ഏജൻസിയെ നിർണ്ണയിക്കുന്നത്. പ്രസ്തുത ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്.

കൊച്ചി മെട്രോ റെയിൽ

59 (1420) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ വികസനത്തിന്റെ ഇതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി ലാഭകരമായാണോ നടക്കുന്നതെന്ന് വ്യക്തമാക്കാമോ?

2020 സെപ്റ്റംബറിൽ കൊച്ചി മെട്രോയുടെ പേട്ട വരെയുള്ള പാത പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തതോടുകൂടി പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചു. ഇതോടൊപ്പം പേട്ട തൃപ്പൂണിത്തുറ ദീർഘിപ്പിക്കലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. പേട്ട S.N. ജംഗ്ഷൻ വരെയുള്ള പാതയുടെ ഭൂമി ഏറ്റെടുക്കലും നിർമ്മാണവും ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 2022 ഡിസംബറിൽ പൂർത്തീകരിക്കുകയാണ് ലക്ഷ്യം. നഗര ഗതാഗതത്തിന്റെ വിവിധ സാദ്ധ്യതകൾ കൊച്ചി മെട്രോയ്ക്ക് അനുബന്ധമായി പ്രവൃത്തിപഥത്തിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആലുവ - പുളിഞ്ചോട് എടപ്പള്ളി ജംഗ്ഷൻ നവീകരണം, മെട്രോ സ്റ്റേഷൻ അനുബന്ധ നടപ്പാത നിർമ്മാണം, മീഡിയൻ സൗന്ദര്യവത്കരണം, പനമ്പള്ളി നഗർ നടപ്പാത, സൈക്കിൾ ട്രാക്ക്, നഗരത്തിൽ ആവശ്യമായ ഡ്രെയ്നേജുകൾ, തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നിങ്ങനെ നഗരത്തിന്റെ സുസ്ഥിര ഗതാഗതത്തിന് ആവശ്യമായ മുന്നൊരുക്കങ്ങളും കൊച്ചി മെട്രോയുടെ ഭാഗമായി കഴിഞ്ഞു. സൗരോർജ്ജ ഉപയോഗത്തിന് മാതൃകാപരമായ പ്രവർത്തനമാണ് കൊച്ചി മെട്രോ നടത്തിവരുന്നത്. നിലവിൽ 7.28 MWP